അദ്ധ്യാപക നിയമനവും പാഠപുസ്തക വിതരണവും

68 [1598] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സ്കൂളുകളിൽ അദ്ധ്യാപകരുടെ ഒഴിവുകൾ നികത്താത്തതുമൂലം സ്കൂളുകളുടെ സുഗമമായ പ്രവർത്തനം തടസ്സപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പാഠപുസ്തക വിതരണം കാര്യക്ഷമമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) അദ്ധ്യാപകരുടെ പൊതു സ്ഥലം മാറ്റം വൈകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒഴിവുകൾ യഥാസമയം പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്. കൂടാതെ താൽക്കാലിക ഒഴിവുകളിൽ അദ്ധ്യാപകരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുവാനും അനുവദിച്ചിട്ടുണ്ട്. അതിനാൽ സ്കൂളുകളുടെ പ്രവർത്തനം തടസ്സപ്പെടുന്നില്ല.

(ബി) ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പൊതു സ്ഥലം മാറ്റം വൈകുന്നുവെന്നത് ശരിയല്ല.

സർവ്വശിക്ഷാ അഭിയാൻ പദ്ധതിപ്രകാരം സംസ്ഥാനത്തിന് ലഭിച്ച തുക

69 [1601] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എ. പദ്ധതി പ്രകാരം ലഭിക്കുന്ന തുക എന്തെല്ലാം ആവശ്യങ്ങൾക്കാണ് വിനിയോഗിക്കേണ്ടതെന്ന് മാർഗ്ഗനിർദ്ദേശങ്ങളുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ ഓരോ ജില്ലയ്ക്കും അനുവദിച്ച തുക എത്രയാണെന്നും എന്തൊക്കെ ആവശ്യത്തിന് തുക വിനിയോഗിച്ചുവെന്നും അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിന് ശേഷം സംസ്ഥാനത്തെ വിദ്യാർത്ഥികളുടെ പഠന നിലവാരത്തിൽ മെച്ചമുണ്ടായിട്ടുണ്ടോ; ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

അനുബന്ധം I ആയി ചേർത്തിട്ടുണ്ട്†.

(ബി) വിശദവിവരം അനുബന്ധം II ആയി ചേർത്തിട്ടുണ്ട്. †

(സി) താഴെപ്പറയുന്ന മേഖലകളിൽ കുട്ടികളുടെ പഠന നിലവാരത്തിൽ മെച്ചമുണ്ടായിട്ടുണ്ട്:

1. ആശയ വിനിമയശേഷി.
2. ക്രിയാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള കഴിവ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly